മത്സ്യത്തൊഴിലാളി ക്ഷേമനിധി വ്യവസ്ഥയിൽ ഭേദഗതി വരുത്തുവാൻ നടപടി

119 (2398) ശ്രീ. കെ. പി. മോഹനൻ :
ശ്രീ. എ. സി. ഷൺമുഖദാസ് :
ശ്രീ. സി. കെ. നാണു :
ഡോ. എ. നീലലോഹിതദാസൻ നാടാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മത്സ്യവിതരണ സംസ്കരണ മേഖലയിലെ തൊഴിലാളികൾക്ക് ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ടോ ;

(ബി) ആറുമാസക്കാലം വിഹിതം അടച്ചില്ലെങ്കിൽ രജിസ്ട്രേഷൻ റദ്ദായിപ്പോകുന്ന വ്യവസ്ഥ നിലവിലുണ്ടോ ;

(സി) എങ്കിൽ ഇതിൽ ഭേദഗതി വരുത്തുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്.

(സി) തൽക്കാലം പരിഗണനയിലില്ല.

ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ക്ഷേമ പദ്ധതി

120 (2399) ശ്രീമതി മേഴ്സി രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തീരദേശ മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്ന ക്ഷേമ പദ്ധതികളെല്ലാം ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് ലഭിക്കുന്നുണ്ടോ ;

(ബി) ഇല്ലെങ്കിൽ പ്രസ്തുത പദ്ധതി ലഭിക്കുന്നതിനുവേണ്ടി എന്തെല്ലാം തീരുമാനങ്ങൾ കൈക്കൊള്ളുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കഴിഞ്ഞ വർഷം നടപ്പാക്കിയ തീരസമൃദ്ധി പദ്ധതി ഒഴികെ മറ്റെല്ലാ പദ്ധതികളുടെയും ആനുകൂല്യം ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കും ലഭിക്കുന്നുണ്ട്.

(ബി) നടപ്പുവർഷം പ്രഖ്യാപിച്ചിട്ടുള്ള എല്ലാ പദ്ധതികളും കടൽ മത്സ്യത്തൊഴിലാളികൾക്കും ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കും ഒരുപോലെ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly